## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4651 — 25.06.2019-ൽ മറുപടിയ്ക്ക്

### മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന മണ്ണെണ്ണ സബ്സിഡി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 29 ലിറ്റർ മണ്ണെണ്ണ ലിറ്ററിന് 15 രൂപ നിരക്കിൽ മുൻപ് നൽകിയിരുന്നോ; | (എ) & (ബി) | നൽകിയിട്ടില്ല. |
| (ബി) | എങ്കിൽ അത് ഇപ്പോൾ സർക്കാർ 25 ലിറ്ററായി കുറയ്ക്കുകയും ലിറ്ററിന്റെ വില 44 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ടോ എന്നറിയിക്കുമോ; | | |
| (സി) | പുറത്ത് ലിറ്ററിന് 69 രൂപയ്ക്ക് മണ്ണെണ്ണ ലഭിക്കുമ്പോൾ മത്സ്യഫെഡിന് ലിറ്ററിന് 72 രൂപ നൽകേണ്ട സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (സി) | മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്ന വെള്ള മണ്ണെണ്ണയുടെ വില പൊതുമേഖല എണ്ണ കമ്പനികൾ അതാതു സമയത്ത് അറിയിക്കുന്നതനുസരിച്ച് നിശ്ചയിക്കുന്നതാണ്. നിലവിലെ മണ്ണെണ്ണയുടെ വില ലിറ്ററിന് 68.25 രൂപയാണ്. (ജി.എസ്.ടി ഉൾപ്പെടെ) |
| (ഡി) | സബ്സിഡി യഥാസമയം ലഭിക്കാത്തതും മണ്ണെണ്ണയുടെ അളവിലെ കുറവും വിലയിലെ വർദ്ധനവും മത്സ്യത്തൊഴിലാളികളെ കടക്കാരാക്കി മാറ്റുന്ന സാഹചര്യമുണ്ടോ; ഇല്ലെങ്കിൽ വിശദീകരണം നൽകുമോ? | (ഡി) | 2018-19 വർഷത്തെ സബ്സിഡി നൽകി കഴിഞ്ഞു. മത്സ്യഫെഡ് വഴി ഓരോ മാസവും സബ്സിഡിയോടെ (സബ്സിഡി ലിറ്ററിന് 25 രൂപ നിരക്കിൽ) എഞ്ചിന്റെ കുതിരശക്തിക്കനുസരിച്ച് ഒരു എഞ്ചിന് 140 ലിറ്റർ മുതൽ 190 ലിറ്റർ വരെ മണ്ണെണ്ണ നൽകുന്നുണ്ട്. അതോടൊപ്പം സബ്സിഡി ഇല്ലാത്ത മണ്ണെണ്ണ ഓരോ മാസവും 231 ലിറ്റർ മുതൽ 630 ലിറ്റർ വരെ (എഞ്ചിന്റെ കുതിരശക്തിക്കനുസരിച്ച്) ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ